**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2396** **16-03-2022 - ൽ മറുപടിയ്ക്ക്**

**ഡി.ജെ. പാർട്ടിയുടെ മറവിൽ ലഹരി വിൽപ്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഡി.ജെ. പാർട്ടിയുടെ മറവിൽ വൻതോതിൽ ലഹരി പദാർത്ഥങ്ങളുടെ വിൽപ്പന നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഡി.ജെ. പാർട്ടിയുടെ മറവിൽ ലഹരി പദാർത്ഥങ്ങൾ വിൽപ്പന നടത്തിയതിന് തിരുവനന്തപുരം ജില്ലയിൽ നിന്നും ഒരു കേസ് കണ്ടെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ നിന്നും എന്തെല്ലാം ലഹരി പദാർത്ഥങ്ങളാണ് കണ്ടെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | തിരുവനന്തപുരം ജില്ലയിൽ കണ്ടെത്തിയ കേസിൽ എം.ഡി.എം.എ.-4.7988 ഗ്രാം, ഗഞ്ചാവ്-25 ഗ്രാം, എൽ.എസ്.ഡി.- 0.0301 ഗ്രാം, എം.ഡി.എം.എ. പിൽസ്-1.3048 ഗ്രാം, ഹാഷിഷ് ഓയിൽ-7.1868 ഗ്രാം, ഐ.എം.എഫ്.എൽ-1.150 ലിറ്റർ എന്നീ ലഹരി പദാർത്ഥങ്ങൾ കണ്ടെടുക്കുകയും, മൂന്ന് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. |
| (സി) | ഇത്തരം പാർട്ടികൾ നിരീക്ഷിക്കുന്നതിനും ലഹരി വസ്തുക്കളുടെ ഉപയോഗം പരിപൂർണ്ണമായും ഒഴിവാക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | ഡി.ജെ. പാർട്ടികളിൽ ലഹരി ഉപയോഗം തടയുന്നതിനായി എക്സൈസ് ഇന്റലിജൻസ് വിഭാഗത്തിന്റെ സഹായത്തോടെ രഹസ്യ വിവരങ്ങൾ ശേഖരിക്കുകയും, ഇത്തരം പാർട്ടികൾ സംഘടിപ്പിക്കുന്നതായി അറിവ് ലഭിക്കുന്ന സ്ഥലങ്ങളിൽ ശക്തമായ പരിശോധനകളും, രഹസ്യ നിരീക്ഷണവും നടത്തി കുറ്റവാളികളെ കണ്ടെത്തി കർശന നിയമ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ